

# ലിറ്റിൽ ബൈറ്റ്സ്

## ഡിജിറ്റൽ മാഗസിൻ

**ജി എച്ച് എസ്സ് എസ്സ് ഉദിനൂർ**

**ലിറ്റിൽ കൈറ്റ്സ്**

പ്രസിദ്ധീകരണം

# ആശംസ

## ലിറ്റിൽ കൈറ്റ്സ് പ്രസിദ്ദീകരിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും



ഹെഡ്മാസ്റ്റർ



പ്രിൻസിപ്പാൾ



പി ടി എ പ്രസിഡണ്ട്

## ഉള്ളടക്കം


അവാർഡിന്റെ പൊൻ തിളക്കവുമായി വീണ്ടും ഉദിനൂർ സ്കൂൾ....4
ഫുൾ എ പ്ലസ്സിൽ ചരിത്രം സൃഷ്ടിച്ചവർക്ക് അനുമോദനം....5
ലിറ്റിൽ കൈറ്റ്സ് പറന്നുയരുന്നു....6
ഓർമ്മപ്പൊതി....7
ഞാനും വരട്ടയോ നിന്റെ കൂടെ?....8
ഭയം....9
പ്രകൃതിയിലേക്കൊരു യാത്ര....11
കാർട്ടൂൺ....13
ആവിഷ്കാരം ജനാധിപത്യപരമാകുമ്പോൾ....14
പാളങ്ങൾ....15
അജഗജാന്തരം....16
മനുഷ്യത്വം മെനഞ്ഞ യുവത്വം....17
ശുചിത്വം....18
അനുരാജ്....18
സ്കൂൾ ചരിത്രം....19
സജീവമായ ഒരുവർഷം....20


**ചീഫ് എഡിറ്റർ**

**സി കെ രവീന്ദ്രൻ (ഹെഡ്മാസ്റ്റർ)**

**സ്റ്റാഫ് എഡിറ്റർ**

**കെ സുരേന്ദ്രൻ,കെ ശ്രീലത**

**സ്റ്റുഡന്റ് എഡിറ്റർ**

**ആദിത്യൻ പ്രഭാകരൻ**

**അംഗങ്ങൾ**

ചൈത്ര അശോകൻ
അനുരാജ് കെ സി
പ്രജീഷ് എൻ വി
അഭിനന്ദ് സി
സൂരജ് നന്ദൻ
അഞ്ജന കെ സി
നന്ദന ചന്ദ്രൻ
ഗോപിക പി
ഗോപിക മധു

# അവാർഡിന്റെ പൊൻ തിളക്കവുമായി വീണ്ടും ഉദിനൂർ സ്കൂൾ




പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ മികവാർന്ന പ്രവർത്തനങ്ങൾ നടത്തി നിരവധി അവാർഡുകൾ നേടിയ ഉദിനൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിന് മറ്റൊരു അവാർഡിന്റെ പൊൻതിളക്കം കൂടി. എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന പി.എം. ഫൗണ്ടേഷൻ സംസ്ഥാനത്തെ ഏറ്റവും മികച്ച സ്കൂളുകൾക്ക് നല്കി വരുന്ന പ്രൊഫ.കെ.എ. ജലീൽ സ്മാരക അവാർഡാണ് ഈ വർഷം സ്കൂളിന് ലഭിച്ചത്. 'ഹരിതവിദ്യാലയം' മുഖ്യപ്രമേയം ആക്കിയ മത്സരത്തിൽ മൂന്നാം സ്ഥാനത്തിന് അർഹമായി കാസർഗോഡ് ജില്ല യുടെ അഭിമാനമായി മാറിയിരിക്കുകയാണ് ഈ സ്കൂൾ.ഒരു ലക്ഷം രൂപയും ഫലകവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് അവാർഡ്.

അക്കാദമിക രംഗത്തും പരിസ്ഥിതി- ഊർജസംരക്ഷണ രംഗത്തും സ്കൂൾ നേടിയ മിക്കവിന് പുറമേ കലാ-കായിക രംഗത്തെ മികവുകളും സ്കൂളിന്റെ സാമൂഹ്യ പ്ര തിബദ്ധതയും അവാർഡിന് പരിഗണിച്ചു. 'ഹരിതവിദ്യാലയം-വിമലവിദ്യാലയം' എന്ന ആശയം വർഷങ്ങൾക്ക് മുമ്പേ പ്രാവർത്തികമാക്കി സ്കൂൾ നടത്തിയ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാ ണ് ഈ അവാർഡ്. കേരളത്തിൽ തന്നെ ഏറ്റവും കൂടുതൽ കുട്ടികൾ സൈക്കി ൾ ഉപയോഗിക്കുന്നതിലൂടെ ഊർജ സം രക്ഷണത്തിന്റെ ഉദാത്ത മാതൃകയാ വുകയാണ് ഈ'സൈക്കിൾസ്കൂൾ'!. നാട്ടു മാവ് സംരക്ഷണ പദ്ധതിയുമായി ബന്ധ പ്പെട്ട് അത്യപൂർവ്വ ഇനം നാട്ടുമാവുകളെ നട്ടുവളർത്തി ഇവിടെ ഒരുക്കിയ തോട്ടം നയനാനന്ദകരമായ കാഴ്ചയാണ്. സ്കൂൾ ജൈവവൈവിധ്യക്ലബ്ബ്,ഹരിതസേന എ ന്നിവയുടെ നേതൃത്വത്തിൽ പാതയോരത്ത് മറ്റു ഫലവൃക്ഷ തൈകളും നട്ടുവളർത്തി സംരക്ഷിക്കുന്നു സ്കൂൾ സ്റ്റുഡന്റ് പോലീസിന്റെ നേതൃത്വത്തിൽ നടത്തുന്ന ട്രാഫിക് നിയന്ത്രണത്തിന് വൻ സ്വീകാര്യതയാണ് ലഭിച്ച് കൊണ്ടിരിക്കുന്നത്. മലയാളമനോരമ പലതുള്ളി പുര സ്കാരം,വണ്ടർലാപരിസ്ഥിതി പുരസ്കാരം, ബെസ്റ്റ് പിടിഎ അവാർഡ് തുടങ്ങിയവ സംസ്ഥനതലത്തിലും നല്ലപാഠം, സീഡ്, നിർമ്മൽ പുരസ്കാരങ്ങൾ ജില്ലാതല ത്തിലും ലഭിച്ച അവാർഡുകളിൽ ചിലതാണ്.

## ഉജ്ജ്വല ബാല്യം പുരസ്കാരം ദീപേന്ദുവിന്

വിവിധ മേഖലകളിൽ പ്രതിഭ തെളിയിച്ച കുട്ടികൾക്ക് ജില്ലാ ശിശു ക്ഷേമ വകുപ്പ് നൽകുന്ന അവാർഡിന് സ്കൂൾ പ്ലസ് വൺ വിദ്യാർത്ഥി പി എസ്സ് ദീപേന്ദു അർഹയായി.



## സംസ്ഥാന കലോത്സവത്തിൽ എ ഗ്രേഡിൽ ഹാട്രിക്കുമായി നിലാമഴ

ആലപ്പുഴയിൽ വെച്ച് നടന്ന സംസ്ഥാന സ്കൂൾ കലോത്സവത്തി ൽ ഗസൽ ,മാപ്പിളപ്പാട്ട്, ഉറുദു ഗാ നം എന്നീ മൂന്ന് ഇനങ്ങളിൽ എ ഗ്രേഡ് നേടി നിലാമഴ സ്കൂളിന് അഭിമാനമായി.



## ഫുൾ എ പ്ലസ്സിൽ ചരിത്രം സൃഷ്ടിച്ചവർക്ക് അനുമോദനം



എസ് എസ് എൽ സി, പ്ലസ് ടൂ മുഴുവൻ വിഷയങ്ങൾക്കും എ പ്ലസ് നേടി യവരെ പി ടി എ അനുമോദിച്ചു. ഹൈ സ്കൂളിൽ 62 പേരും ഹയർ സെക്കന്ററിയി ൽ 16 പേരും ഫുൾ എ പ്ലസിന് അർഹത നേടിയിരുന്നു. കാസർഗോഡ് ജില്ല യിൽ തന്നെ ഏറ്റവും കൂടുതൽ എസ്എസ്എൽസിക്ക് ഫുൾ എ പ്ലസ് ലഭിച്ചത് ഉദിനൂർ ഹൈസ്കൂളിനാണ്. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പ് മന്ത്രി ശ്രീ ടി പി രാമകൃഷ്ണൻ ഉത്ഘാടനം ചെയ്തു.എം രാജഗോ പാലൻ എം എൽ എ അദ്ധ്യക്ഷത വഹി ച്ചു.

## ഫുട്ബോൾ:ദേശീയതാരങ്ങൾ






ഒഡീഷയിൽ വെച്ച് നടന്ന ദേശീയ ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പി ൽ അതുൽഗണേഷ്.കാശ്മീരിൽ വെ ച്ച് നടന്ന നാഷണൽ സ്കൂൾ ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ ആ കാശ് രവി,അശ്വിൻ ആർ ചന്ദ്രൻ, രാജസ്ഥാനിൽ വെച്ച് നടന്ന സീനി യർനാഷണൽസ്കൂൾഫുട്ബോൾ ചാ മ്പ്യൻഷിപ്പിൽആദർശ്എ.എന്നിവർ കേരളത്തിന്റെജേഴ്സിയണിഞ്ഞു.

## ലിറ്റിൽ കൈറ്റ്സ് പറന്നുയരുന്നു......

# മൊബൈൽ ആപ്, ഗ്രാഫിക് ഡിസൈനിംഗ്,പ്രോഗ്രാമിംഗ്,ആനിമേഷൻ ......

**കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തി ന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ്പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരി ക്കുന്നത്. 2018 ജനുവരി22-ന് മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈ റ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹി ച്ചു.ഉദിനൂർ സ്കൂൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ 31 അംഗങ്ങൾ ഉണ്ട്. എല്ലാ ബുധനാഴ്ചകളിലും വൈകുന്നേരം പരിശീലനം നൽകുന്നു. സ്കൂൾ തല ക്യാമ്പും ഉപജില്ലാ ക്യാമ്പും കഴിഞ്ഞു. കൈറ്റ് മാസ്റ്ററും മിസ്ട്രസും പ്രവർത്തനങ്ങ ൾക്ക് നേതൃത്യം നൽകുന്നു.**



**സ്കൂൾതല ക്യാമ്പ് ഹെഡ്മാസ്റ്റർ ഉൽഘാടനം ചെയ്യുന്നു**



**ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ**

## ഓർമ്മപ്പൊതി

-ആദിത്യരാജേഷ്-



കവിത

**തട്ടമ്പുറത്ത് എന്റെ**
**കുറേ കുട്ടിക്കാല ഓർമ്മകൾ**
**കെട്ടിപ്പൊതിഞ്ഞ് വച്ചിട്ടുണ്ട്.**
**ഇടയ്ക്കിടെ പോയി**
**കെട്ടഴിച്ച്**
**ഓർമ്മകൾ പുതുക്കിയെടുക്കും**
**ഇന്നലെ,**
**മധുരവും പുളിയും**
**എരിവുമെല്ലാമുള്ള ആ ചാക്ക്**
**അച്ഛൻ ആർക്കോ വിറ്റു.**
**സാരമില്ല,**
**അവയൊക്കെ**
**ഒരു മെമ്മറി കാർഡിലാക്കി.**
**മനസ്സിന്റെ ഷെൽഫിൽ**
**സൂക്ഷിച്ചു വച്ചിട്ടുണ്ട്.**

# ഞാനും വരട്ടയോ നിന്റെ കൂടെ?

ആനന്ദ്.പി.ചന്ദ്രൻ-



കവിത

സൂര്യനകലുന്നു.....,
ചോരക്കടലിലുദിക്കാൻ മടിച്ച്.
പകലൊളിക്കുന്നു....,
ഇരുളിൻ നഖങ്ങളെക്കണ്ട്.
ഊഴിയുമുടലും വിറപ്പിച്ച്-
മേഖങ്ങൾ
ചുട്ട ചോരമണവുമായ്-
രക്തക്കറപൂണ്ട ശൂലബിംബങ്ങൾ.
പൂന്തേൻ കൊട്ട വിഷം...,
പിടഞ്ഞു വീഴുന്ന പൂമ്പാറ്റകൾ.
ഭയത്തിലൊളിക്കുന്ന പേനയോട്-
ചന്ദ്രൻ:
ഞാനും വരട്ടയോ നിന്റെ കൂടെ?

# ഭയം

-മാളവിക എം.കെ-



കവിത

ഭയമാണെനിക്കിരുട്ടിനെ
ഇരുട്ടിൻ മറവിലെ
കറുത്ത കരങ്ങളെ
അമ്മയാം സ്ത്രീത്വത്തെ
പിച്ചിചീന്തും പിശാചുക്കളെ
ഭയമാണെനിക്ക് രാത്രിയെ
പെണ്ണിന്റെ മാനം
തകർന്നടിയുന്ന
രാത്രിയെ.....
ഇതിനൊരു
പോംവഴിയെന്നാൽ,
ഹേ സൂര്യ........
നീ അസ്തമിക്കാതിരിക്കുക
ഹേ ധരണീ.....
നിൻ ഭ്രമണം നിർത്തുക.....

-



## മക്കളറിയേണ്ടിയിരുന്ന സത്യം

ആതിര ടി.വി

കവിത

പെറ്റവയറിനെ വെറുക്കുന്നൊരു-
മക്കൾ തൻ നോവു ഞാൻ ഇന്ന-
നുഭവിപ്പൂ, കണ്ണീർ തടാകങ്ങളിൽ
മുങ്ങി മരിക്കുമ്പോൾ മക്കൾ
തൻ വേർപാട് ഓർത്തിടുന്നു.
കാത്തിരിപ്പായി.മരണമണി
എൻ കാതിൽ അലയിട്ടടിച്ചു
കൊണ്ടീന്നേരം ഉണ്ണിയേ ഞാൻ
ഒരു നോക്കു കാണുവാൻ കൊ-
തിച്ചു ഞാൻ മക്കളെ പൊന്നു
മക്കളേ.....
അമ്മ നിനക്കിങ്ങനിത്ര ശാപ
മായി തീർന്നതെങ്ങനെയുണ്ണീ.....
ആരോടു പറയാൻ ഈ അമ്മ
തൻ വേദന....ആരു കേൾക്കാനീ
ഈ നോവുകളത്രയും.
ഇന്നീ അനാഥാലയത്തിന്
തിണ്ണയിൽ
അമ്മ തനിച്ചായിരിക്കുന്നുണ്ണീ.
ഓർക്കുക ഉണ്ണീ നിനക്കുമുണ്ടൊ
രീക്കാലം..... വാർദ്ധക്യ
കാലം......!
അതിശോചനീയകാലം......



## ഒരു കൈത്താങ്ങ്


മാളവിക.ടി.വി

കവിത

അടങ്ങാത്ത പകയുമായ്
തന്നെ ഒഴുകുവാനനുവദിക്കാതെ
മണ്ണിനെ കൊല്ലുന്ന,മരങ്ങളെ
പുഴകളെ എല്ലാം നശിപ്പിക്കുന്ന
ക്രൂരരാം
മനുഷ്യസന്തതികളോടുള്ള
പ്രതികാരാഗ്നിയുമായ്
കലിതുള്ളി കാലവർഷം.
നോക്കുന്നിടത്തെല്ലാം വെള്ളം
സർവ്വതും പ്രളയം വിഴുങ്ങി .
വിദ്യാലയങ്ങൾ
അഭയകേന്ദ്രങ്ങളായ്
ഹിന്ദുവും ഇസ്ലാമും
ക്രിസ്ത്യനുംഒരുമിച്ചുണ്ടുറങ്ങി.
അറിവിന്റെ കേന്ദ്രങ്ങളാം
വിദ്യാലയത്തിൽ നിന്നവർ പഠിച്ചു,
മതേതരത്വമെന്ന പാഠം.
കടലിന്റെ മക്കൾ വന്നു,
തന്റെ ഉറ്റവരെ രക്ഷിക്കുവാനായ്.
എല്ലാവരും കൈകോർത്തു,
കേരളത്തിനൊരു
കൈത്താങ്ങായി-
അവർ പ്രളയത്തെ അതിജീവിച്ചു.
അവർ നവകേരളം
പടുത്തുയർത്തി.

# പ്രകൃതിയിലേക്കൊരു യാത്ര

ജവാദജബിൻ



യാത്രാവിവരണം

ഞാൻ പല യാത്രകളും നടത്തിയിട്ടുണ്ട്.എന്നാൽ പ്രകൃതിയെ അറിയാൻ അല്ലെങ്കിൽ പ്രകൃതിയുമായി ഇണങ്ങിചേരാൻ നടത്തിയ യാത്ര കളുടെ കണക്ക് വിര ളമാണ്.അത്ര ദൂരമൊന്നുമല്ല പോകുന്ന സ്ഥലം ആതിനാൽ തയ്യാറെ ടുപ്പുകൾ ഒന്നുമുണ്ടായിരുന്നില്ല.

ചീമേനിയിലെ ചൂരൽ എന്ന പ്രദേ ശത്തെ അധികമാരും അറിയാത്ത വെള്ളച്ചാട്ടം കാണാനാണ് ഞങ്ങ ളുടെ യാത്ര ഞാനും സമപ്രായ ക്കാരായ പിള്ളേരും എന്റെ മൂത്ത മ്മയുടെ മകനുമടങ്ങുന്ന സംഘം. ഞങ്ങൾ ഒരു വൈകുന്നേരം മൂന്നു മണിക്ക് പുറപ്പെട്ടു. ആകാംഷയും ആഹ്ലാദവും ഉണ്ടായിരുന്നു ഏവരുടെയും മനസ്സിൽ. പുറത്തെ കാഴ്ച കളൊക്കെ കണ്ട് ആസ്വദിച്ച് കാറി ലിരുന്നുള്ള യാത്ര വളരെ രസകരമായിരുന്നു.കളിചിരി കളുമായി ഞങ്ങൾയാത്ര തുടർന്നു.അവിടെ എത്താ റായപ്പോൾ ഒരു കടയിൽ കയറി കുറച്ച് ഭക്ഷണ സാധനങ്ങൾ വാങ്ങി കുറച്ചു സമയത്തിനുശേഷം മരങ്ങൾ കൊണ്ടു നിറഞ്ഞ ഒരു സ്ഥലത്ത്കാറ്നിർത്തി. ഓരോരുത്തരായിഇറങ്ങി.കാ ൽപാദയായതിനാൽ കാൽ പാദങ്ങൾക്കിടയിൽ വല്ലാത്ത കുളിര്.ഇടതൂർന്ന പന്തലിച്ചു കിട ക്കുന്ന മരങ്ങൾക്കിടയിൽ കൂടിയുള്ള നടത്തം വളരെ ആസ്വാദ്യകര മാണ്.അവിടേ ക്കുള്ള ഈ നടത്തം പ്രകൃതി യിലെ ഒരു നല്ല അനുഭവം തന്നെ.തണുത്ത കാറ്റ്.കുറച്ച് നിമി ഷങ്ങൾക്കകം കാതിൽ കളകള നാദം കേട്ടു.അങ്ങ നെ ഞങ്ങൾ അ വിടെ എത്തി.വെള്ളച്ചാട്ടം കാണാ ൻഅതിമനോഹരമായിരുന്നു. മരങ്ങൾ നിറഞ്ഞ പ്രദേശം അതിനു നടുവിൽവെള്ളച്ചാട്ടം വളരെ മനോ ഹരം.ഞങ്ങൾ എത്തിയപ്പോൾ അവിടെ കുറച്ച് ആളുകൾ ഉണ്ടാ യിരുന്നു.ഞങ്ങളെല്ലാവരും ആദ്യ മൊക്കെ കാൽ മാത്രം വെള്ളത്തിലിട്ടുകളിച്ചു .അവരെല്ലാവരുംപോയതിനു ശേഷം വെള്ളത്തിൽ എന്നെ എന്റെ അനിയൻ തള്ളിയിട്ടു. മീനുകൾ കാലിന്റെ അടിയിൽ വന്ന് ഇക്കിളിയാ ക്കി.പിന്നെ എല്ലാവരും വെള്ളത്തി ലിറങ്ങിബോളുകൊണ്ട്കളിച്ചു. നല്ലവഴുക്കുണ്ടായിരുന്നു.അതി നാൽ നടക്കാൻപ്രയാസം ഉണ്ടായിരുന്നു.കുറച്ചുസമ യത്തിനുശേഷംഎല്ലാ വരോ ടുംമടങ്ങാൻതയ്യാറാവാൻപറ ഞ്ഞുകാറിലിരുന്നു.എല്ലാവർ ക്കുംസങ്കടമായിരുന്നു.പക്ഷെ സമയം വൈകിയതിനാൽ ഞങ്ങളെല്ലാവരും ക്ഷമിച്ചു. അപ്പോഴെക്കും കുങ്കുമപ്പൊട്ടു പോലെ ചുവന്നിരുന്ന സൂ ര്യൻ.എനിയും പോകണം പ്രകൃതി സൗന്ദര്യം ആസ്വദി ക്കാൻ എല്ലാ വരോടുമൊത്ത്. യാത്രയിൽ ഉടനീ ളം മൗനമായിരുന്നു എല്ലാവർ ക്കും.ഈ ചെറിയ യാത്ര എല്ലാവർക്കും വലിയൊരു അനുഭവം സമ്മാനിച്ചു.

## ഇരുട്ട്_

_അനുശ്രീ രമേശ്



കഥ

"ഹോ എന്തൊരു മഴയാ ഇത് " കോലായിൽ നിന്ന് പാട്ടി പിറുപിറുത്തു.ഇതു കേട്ടു കൊണ്ടാണ് ഞാൻ ഉമ്മറ കോലായിലേക്ക് എത്തി നോക്കി യത്.ഞാൻ പാട്ടിയോട് ചോദിച്ചു പിന്നെ മഴയും വർഷോന്നും വേണ്ട എഞ്ചിനീയറിങ്ങിൽ ബിരുദം ഉണ്ടായിട്ടും ഒന്നും അറിയാത്ത ഒരു കുട്ടിയെ പോലെ ഞാൻ പാട്ടിയുടെ വഴക്ക് കേട്ടു. ന്താ ഒട്ട്യേ......പഠിപ്പും വിവരോം മാത്രം മതിയോ കാലം തെറ്റിയ ഇപ്പാ മഴയും വെയിലും. ഞാൻ ചിരിച്ചു കൊണ്ട് ഒന്നമർത്തി മൂളി.പാട്ടി അതിശയിച്ചു.ഒരു പക്ഷേ എന്റെ മുഖത്ത് ഒരു ചിരി അതിനിമിഷത്തിൽ പാടില്ലായിരിക്കാം.കാരണം എന്റെ അച്ഛനും അമ്മയും പോയിഎന്ന് വിശ്വസിക്കാനാവുന്നില്ല. എന്താണ് ആ ദിവസങ്ങളിൽ സംഭവിച്ചത്. കട്ടിലിനോട് കണ്ണിര് നനഞ്ഞ് ഞാനാക്കാര്യം പറഞ്ഞു.അന്ന് ബാലേട്ടന്റെ ചായപ്പീടികയിലെ ഒരു കൊച്ച് ആൾക്കൂട്ടത്തിനിടയിലേക്ക് നൂഴ്ന്ന ഞാൻ പറഞ്ഞു. ബാലൻ മാമാ 5 പരിപ്പുവട ടിവിയിൽ സാധാര ണ ആസമയത്ത് പ്രത്യക്ഷപ്പെടാറുള്ള അവതാരിക ചായം തേച്ച് പ്രത്യക്ഷപ്പെട്ടു.ഇടുക്കി,വയനാട് ജില്ലകളിൽ റെഡ് അലേർട്ട് പത്തനംതിട്ടയിൽ ഓറഞ്ച്.ഇങ്ങനെ അവതാരിക പറഞ്ഞപ്പോൾ ചിലവരോട് അഭിപ്രായം ചോദിച്ചു.അതിലൊ രാൾ ഞാൻ സന്തോഷ്.എന്ത് വന്നാലും ഞാനും എന്റെ കുടുംബവും മുങ്ങത്തില്ല. ഒരു ചിരിയും പാസാക്കി അയാൾ പറഞ്ഞു.പെട്ടെന്ന് ചേളുദി....ചേളുദി എന്ന വിളികേട്ട് ഞാനോടി.വീട്ടിൽ കാറുകളും മറ്റ് ആഡംബര വാഹനങ്ങളും.ലക്ഷണം കണ്ടിട്ട് ഏതോ പ്രധാനി വന്നമട്ടാണ് ഒരു ചോദ്യചിഹ്നം ബാക്കിവച്ച് അകത്തേക്ക് കയറിയ എന്നെ അതിശയിപ്പിച്ച് നിറയെ ചളികൾക്കിടയിൽ ചില വെളുത്ത കുപ്പായങ്ങൾ എന്റെയും പാട്ടിയുടെയും ദയനീയാവസ്ഥ എല്ലാ നവ മാധ്യമങ്ങളിലൂടെയും വന്നിരുന്നു. പ്രതാപശാലിയായ ഒരു കുടുംബത്തിലെ അവസാന കണ്ണിയായ എന്റെ അമ്മ ശാലിമാ അച്ഛൻ സത്യനെ വിവാഹം കഴിച്ചു.ഇന്നു വരെ പ്രതാപത്തിൽ തന്നെ വലിയൊ രു കോളേജിൽ നിന്ന് ബിരുദാനന്തരബിരുദവും നേടി ഇന്നീ കുടിലിൽ ഇതാണ് ജീവിതം ഇതാണ് പറയുന്നത്.ജീവിതത്തിൽ ഒരു ഘട്ടത്തിൽ എങ്ങനെയോ ജീവിച്ച എന്നെ ഈ ഘട്ടത്തിൽ വിധി കൊണ്ടെത്തിച്ച സ്ഥലം.പരിപ്പുവട കരുതിയത് നന്നായി.അവർ ചെളിയെ അറപ്പോടും വെറുപ്പോടും കാണുന്നത് ഞാൻ കണ്ടു.ആശ്വാസ വാക്കുകളുടെ ഒരു പെരുമഴ.ഒന്നും കഴിക്കാതെ അവർ പോയി.ഞാൻ എന്റെ ഫോൺ ഭാഗ്യത്തിന് അത് എങ്ങും പോയിരുന്നില്ല.എടുത്തു നെറ്റില്ല. അടുത്തുള്ള ചായക്കടയിൽ പോയി.അച്ഛനും അമ്മയും എന്റെ ആവശ്യത്തിന് തൃശ്ശൂരിലേക്ക് പോയിരുന്നു. വീട്ടിൽ ഞാനും പാട്ടിയും മാത്രം.പാട്ടി അസുഖക്കാരിയാണ്.ഞാനും പീടികയിൽ ആ സമയത്ത് ടിവിയിൽ ചുവന്ന ചായം തേച്ച ആ പെൺകുട്ടി പ്രത്യക്ഷപ്പെട്ടു.വാർത്തകൾ ഇങ്ങനെ

"എങ്ങും പ്രളയംതൃശ്ശൂർമുങ്ങി."ഒരുനടുക്കത്തോടെയാണ് ഞാനത് കേട്ടത്.ഇവിടെ രണ്ട് ദിവസം നടന്ന കനത്ത മഴയെ ഉണ്ടായിരുന്നുള്ളൂ.ആ ചളിയിൽ എല്ലാ ടൈൽസും ചളിപുളിയായി കാണപ്പെട്ടു.തൃശ്ശൂർ മുങ്ങി എന്ന് കേട്ടമാത്രയിൽ ഞാൻ ഫോണെടുത്ത് അമ്മയെ വിളച്ചു.പ്രശ്നമൊന്നുമില്ലെന്നും ചാലക്കുടി അപ്രതീക്ഷിതമായി കരകവിഞ്ഞതാണ് പ്രശ്ന കാരണമെന്നും ഉടനെ അങ്ങോട്ടെത്തുമെന്നും പറഞ്ഞ് ഫോൺ വെച്ചപ്പോൾ ഒരു മഴക്കാറ് പെയ്തൊഴിഞ്ഞ ആശ്വാസമാണ് എനിക്കുണ്ടായത്. വീട്ടിലെത്തി പാട്ടി കറുപ്പിച്ച മുഖവുമായിരുന്നു.എനിക്ക് ന്തേ ന്ന് ചോദിക്കണമെന്നുണ്ടായിരുന്നു.പക്ഷെ ആ മുഖഭാവം എന്നോടു ചിലത് പറഞ്ഞു ഞാൻ കയറിപ്പോയി മഴ തോരുന്ന ലക്ഷണമില്ല അന്ന് രാത്രി പാട്ടിക്ക് കശലായ നെഞ്ച് വേദന വന്നു.ഞാനെന്താ ചെയ്യാ? എനിക്കപ്പോൾ അമ്മയോടും അച്ഛനോടും കശലായ ദേഷ്യം തോന്നി.ഒറ്റയ്ക്ക് ഞാനെന്തു ചെയ്യും ഏതൊക്കെയോ മരുന്നു നൽകി ഞാൻ താൽക്കാലികഫലം ഇച്ഛിച്ചു.അതുണ്ടായി പിറ്റേന്ന് പതിവുപോലെ ചായക്കടയിലെത്തിയ എന്നെ കാത്തിരുന്നത് പുതിയ ദുരന്തവാർത്തകളാണ്.

പ്രളയപേക്കുത്തിൽ എല്ലാം നശിച്ചു. ഒരുപാട് ആൾക്കാർ മരിച്ചു.ഉരുൾപൊട്ടലും എല്ലാം ഒന്നിച്ച് വാർത്ത വായനക്കാർ തുടർന്നു.ജാതി-മത-ഭേദമന്യേ എല്ലാവരും ഒത്തൊരുമിച്ച് പ്രളയത്തെ നേരിട്ടു.വാർത്തകൾ സന്തോഷദായകമാണ്. പക്ഷേ അച്ഛനും അമ്മയും സാധാരണ ചെയ്യുന്നത് പോലെ ഞാനും ചില ട്രോളുകൾ വായിച്ചിരിക്കുമ്പോൾ അമ്മയുടെ ഫോൺകോൾ.മോളെ ഞങ്ങൾ നാളെ രാവിലെ അങ്ങ് വരും ഞൊടിയിടയിൽ വാർത്താ വായനക്കാരി പറഞ്ഞു.തൃശ്ശൂരിൽ നടക്കുന്നത് പേമാരിയുടെ വിളയാട്ടം അറുപത്തിയഞ്ച് പേർ അപകടത്തിൽ ഞാൻ ഞെട്ടിത്തരിച്ചു.ഒരു സാധാരണ കൗമാരക്കാരിയിൽ കാണാവുന്നതിലധികം പക്വതയൊന്നും എന്നിലില്ല.


പിന്നീട് ഏതൊക്കെയോ രാഷ്ട്രീയക്കാരുടെ പ്രസംഗം അതിലെ ആശയങ്ങൾ ഇവരെ സമാനതകളില്ലാത്ത പ്രളയത്തെയാണ് നേരിടേണ്ടത് എന്നൊക്കെ.വീട്ടിൽ സ്വസ്ഥമായി ഇരുന്ന് ഞാനതേപ്പറ്റി ആലോചിച്ചു കൊണ്ടിരുന്നു. പ്രകൃതിയോട് ചെയ്യുന്ന ക്രൂരതയുടെ അന്തരഫ ലമായാണ് ഞാൻ അനുഭവിക്കുന്നത്.പുഴകൾ മെലിഞ്ഞൊഴുകി അതിന് ജല പ്രവാഹത്തെ താങ്ങാനാവുന്നില്ല. പ്രളയം നമ്മെ എന്തൊക്കെയോ പഠിപ്പിച്ചു.പണ്ഡിത-പാമര-ദാരിദ്ര്യ-പണക്കാര വ്യത്യാസമി ല്ലാത്ത ഏവരുടെയു വീടും കുടിയും എല്ലാം പോയി, ദുരന്ത മുഖത്ത് പല ജീവനും പൊലിഞ്ഞു ചിന്തകൾ പെരുകിയപ്പോൾ "പുറത്ത് പാട്ടിയ" ദുരന്ത മുഖത്ത് പല ജീവനും പൊലിഞ്ഞു.ചിന്തകൾ പെരുകിച്ചപ്പോൾ പുറത്ത് പട്ടിയുടെ കരച്ചിൽ ഒറ്റക്കരച്ചിൽ.ഒരു ഫോൺകോ ൾ തീർന്നു എനിക്കെല്ലാം മനസ്സിലായി. പ്രളയത്തിന്റെ ഇരകളാണ് നാം. പാട്ടി പറഞ്ഞു പ്രകൃതിയോട് ചെയ്യുന്ന ക്രൂരതകൾക്ക് ആദ്യഘട്ടത്തിൽ ഫലം കാണുമെങ്കിലും രണ്ടും മൂന്നും ഘട്ടത്തിൽ അപ്രതീക്ഷിത തിരിച്ചടികൾ ഉണ്ടാകും.അതെ...... ആ ദിവസങ്ങൾ എന്നെപ്പോലുള്ളവർക്ക് ഉറ്റവരെയെല്ലാം നഷ്ടപ്പെ ടുത്തി കളഞ്ഞു.

ഇന്നെന്റെ വീട്ടിലെ സ്വീകരണമുറിയിൽ രണ്ട് ഫോട്ടോ ഉണ്ട്.അത് ഞാൻ മുമ്പെ കണ്ടതാണ് ഇ തിന്റെ താഴെ ഒരു മാലയും ഒരു വിളക്കും എരിഞ്ഞു. പാട്ടിയും ഞാനും അതിലേ നടന്നപ്പോൾ അത് നോക്കി.എന്റെ കണ്ണ് നിറഞ്ഞു.ആ വെള്ളവുമായി ഞാൻ വേഗത്തിൽ നടന്നു.ആ ഫോട്ടോ എന്റെ അച്ഛന്റെയും അമ്മയുടെയും ആണെന്ന് വിശ്വസിക്കാനാകുന്നില്ല.വീട്ടിൽ നിറയെ ഇരുട്ട്......



## കാർട്ടൂൺ

അനാമിക






## ഊർജ്ജസംരക്ഷണം എന്തിന് ?

അഭിനന്ദ് സി

ഭൂമിയിൽ ജീവൻ സാധ്യമാക്കുന്ന ഘടകങ്ങളാണ് മണ്ണ്,ജലം, വായു എന്നിവ.ഇതിൽഏതൊ ന്നിനെമലി നമാക്കിയാലും.അത് ഭൂമിയുടെ നിലനില്പിനെ ബാധിക്കും. ഇതിനുള്ള മറ്റൊരു കാരണമാണ് ആഗോളതാപനം. മനുഷ്യന്റെ പ്രവർത്തനങ്ങൾ ഭൂമിയിൽആ ഗോളതാ പനത്തിനുംകാലാവസ്ഥാവ്യ ത്യാനത്തിനും കാരണ മാകും എന്ന് 1896 ൽ സ്വീഡിഷ് ശാസ്ത്രജ്ഞൻ സ്വാന്തേ അരോനിയുസ് പ്രവചിച്ചിരുന്നു അന്തരീക്ഷ ത്തിൽ കാർബൺ ഡയോക്സൈഡ് ,നൈ ട്രിക്കോക്സൈഡ്,മീഥേൻ തുടങ്ങിയ ഗ്രീൻ ഹൗസ് വാതകങ്ങളുടെ ആധിക്യം മൂലം ഊഷ്മാവ് കൂടുന്ന പ്രതിഭാസമാണ് ആഗോ ളതാപനം ഭൂമിയിൽ നട ക്കുന്ന ഇത്തരം പ്രതിഭാസങ്ങൾക്കുള്ള പ്രതിവിധികളിൽ ഒന്നാണ് ഊർജ സംരക്ഷണം. ആധുനിക വിദ്യകളുടെ അടിസ്ഥാനത്തിൽ അത്യാ വശ്യമായ ഊർ ജംമാത്രം ഉപയോഗിച്ചു കൊണ്ട്,ഒഴിവാക്കാവുന്ന നഷ്ടം പൂർണ്ണ മായും ഒഴിവാക്കുക എന്നതാണ്. ഊർജ സംരക്ഷണത്തിന്റെ കാതൽ വൻകിട വ്യവ സായ രംഗങ്ങളിലെ ഓരോ ഉല്പ ന്നത്തിനും ഇപ്പോൾ ചെലവാക്കുന്നതിൽ നിന്നും മുപ്പ തും നാല്പതും ശതമാനം കുറഞ്ഞ ഊർജമേ സാങ്കേ തികവിദ്യയിൽ ആവസ്യമുള്ളൂ.ദേ ശീയവികസനത്തിന് ഒഴിച്ചുകൂ ടാൻകഴിയാ ത്തഒന്നാണ്ഊർജ സംരക്ഷണം



# ആവിഷ്കാരം ജനാധിപത്യപരമാകുമ്പോൾ

ദീപേന്ദു പി.എസ്

ലേഖനം

നാഗരികസംസ്കൃതിയിലേക്കുള്ള മനുഷ്യവംശത്തിന്റെ പ്രയാണം അനേകം പ്രതിസന്ധികളെ തരണം ചെയ്തു കൊണ്ടായിരുന്നു.പ്രതി കൂല കാലാവസ്ഥയെയും തന്മൂലമുണ്ടായ ജീവിത പ്രശ്നങ്ങളെയും നേരിടാനുള്ള കരുത്ത് അവൻ നേടിയത് ജീവന്റെ അടിസ്ഥാന ചോദനമായ അതിജീവനത്തിൽ നിന്നാണ്. തീയുടെയും ചക്രത്തിന്റെയും കൃഷിയുടെയും കണ്ടുപിടുത്തത്തിനു പുറകെയുണ്ടായ വളർച്ച മനുഷ്യനെ വനാന്തരഗുഹകളിൽ നിന്നും ബഹിരാകാശം വരെ എത്തിച്ചിരിക്കുന്നു. സങ്കീർണമായ സാംസ്കാരികഘട്ടങ്ങളി ലൂടെയാണ് മനുഷ്യവംശം ജനാധിപത്യ ബോധത്തിലേക്കുയർന്നത്. സംസ്കൃതിയുടെ ഉന്നതതലം.ലോക ത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ജനാധിപത്യത്തിന്റെ നാലാം നെടുംതൂണായ മാധ്യമങ്ങളുടെ പങ്കം പ്രാധാന്യവും ഏറെ ചർച്ച ചെയ്യപ്പെടേണ്ടതായുണ്ട്. നിയമനിർമാണം,കാര്യനിർവഹണം, നീതിന്യായം, എന്നി ജനാധിപത്യമണ്ഡലങ്ങളുടെ തുല്യ പ്രാധാന്യ ത്തോടുകൂടി ജനാധിപത്യത്തെ സുസ്ഥിരമായി നിലനിർത്തുന്ന നാലാം നെടുംതൂണായി മാധ്യമങ്ങൾ വിശേഷിപ്പിക്കുന്നു.രാജ്യത്തെ നയിക്കാൻ ഭരണകൂടം ഉണ്ടായിരിക്കുമ്പോൾ തന്നെ വിമർശനങ്ങ ളിലൂടെയും നിരൂപണങ്ങളിലൂടെയും രാജ്യത്തെ നേർവഴിക്കു നയിക്കുന്നതാലും, കൊള്ളേണ്ടതു കൊള്ളാനും തള്ളേണ്ടതുതള്ളാ നും ഓർമ്മപ്പെടുത്തുന്നതിലും മാധ്യമങ്ങളുടെ സ്ഥാനം ആദരണീയ മാണ്. ജനങ്ങളുടെ യഥാർഥ വക്താക്കളായി മാധ്യമസമൂഹം മാറിക്കൊണ്ടിരിക്കുമ്പോഴും ആവിഷ്കാരചിന്ത സ്വാതന്ത്ര്യങ്ങൾക്കെതി രെ കുന്തമുനകളുയരുന്ന ആനുകാലികസമൂഹത്തിൽ മാധ്യമ സ്വാത ന്ത്ര്യം എന്തുകൊണ്ടും ചിന്താനീയം തന്നെ. അടുത്ത കാലത്തു നടന്ന, ഇന്നും തുടരുന്ന ചൂടേറിയ സംഭവവികാസങ്ങൾ ലോകശ്രദ്ധയാകർ ഷിക്കപ്പെട്ടത് മാധ്യമങ്ങളിലൂടെയാണ്. വിദ്യാഭ്യാസ-ആരോഗ്യ-സാംസ്കാരികരംഗങ്ങളാലും,മത-അസഹി ഷ്ണുതാ വാദങ്ങളാലും തൊട്ടടു ത്ത് കറൻസി പിൻവലിക്കൽ നടപടിവരെ ജനവികാരം കൃത്യമായി പ്രകടിപ്പിക്കുന്ന സുധീരമായ ചർച്ചകൾ മാധ്യമങ്ങൾ നടത്തി. പല പ്പോഴും അത് ഭരണകൂടത്തിന്റെ ആശയങ്ങളെ വെല്ലുവിളിക്കുന്നതും നിലവിലെ സാമൂഹ്യവ്യവസ്ഥയെ ചോദ്യം ചെയ്യുന്നതുമാകാം. എന്നാലും തങ്ങളുടെ ചിന്തകളും സമൂഹത്തിന്റെ അഭിപ്രായങ്ങളും പച്ചയായി പ്രകടിപ്പിക്കാനുള്ള അവകാശം ഓരോ പൗരനും എന്ന പോലെ മാധ്യമങ്ങൾക്കുമുണ്ട്. അതുതന്നെയാണ് അടിത്തറ പാകുന്നതും.

വർത്തമാനസമൂഹത്തിൽ അസഹിഷ്ണുതാ വിവാദങ്ങളും, സർവ്വകലാശാല-വിദ്യാഭ്യാസ പ്രതിസന്ധികളും ജാതി-ലിംഗ പോരാട്ടങ്ങളും ദളിത് പ്രശ്നങ്ങളും പരിശോധിക്കാം. ഗോമാംസം സൂക്ഷിച്ചെന്ന പേരിൽ ഉത്തർപ്രദേശിൽ മുഹമ്മദ് അഖ്ലാക്ക് എന്ന ഇന്ത്യൻ 'പൗരനെ' വധിക്കുകയുണ്ടായി. ഗോമാതാവ് എന്ന ചിന്തയുടെ പേരിൽ നടക്കുന്ന അഴിഞ്ഞാട്ടങ്ങളിൽ ഒന്നുമാത്രമായിരുന്നു അത്. തുടർന്നുണ്ടായ അസഹിഷ്ണുതാ വിവാദത്തിൽ ഈ സംഭവം ചർച്ചചെയ്യപ്പെട്ടു. സത്യസന്ധമായ വാർത്തകൾ റിപ്പോർട്ട് ചെയ്യു മാധ്യമങ്ങൾക്കെതിരെയും,വിമർശിച്ച് മുഖപ്രസംഗങ്ങളെഴുതിയ ലേഖകർക്കെതിരേയും ഒരു വിഭാഗം ചിന്താഗതിക്കാർ അക്രമാസക്തരായി. മാധ്യമങ്ങളുടെ ആവിഷ്കാര സ്വാതന്ത്ര്യത്തെ തെറ്റായ രീതിയിൽ ചോദ്യം ചെയ്യുകയായിരുന്നു അവർ. ഇന്നു നിലനിൽക്കുന്ന സ്വാശ്രയ- വിദ്യാഭ്യാസ പ്രശ്നങ്ങളും ദളിത് ദുരന്തങ്ങളും യുവതലമുറയുടെ ആത്മവിശ്വാസത്തെ കടന്നാക്രമിക്കുന്നവയായിരുന്നു. രോഹിത് വെമുല മുതൽ ജിഷ്ണു പ്രണോയ് വരെ എത്തിനിൽക്കുന്ന യുവത്വത്തിന്റെ ചൂഷണം ചെയ്യപ്പെടലിന്റെ നിജസ്ഥിതികളെക്കുറിച്ചുള്ള മാധ്യമങ്ങളുടെ അന്വേഷണം ചെന്നെത്തിച്ചത് സ്വാശ്രയ കോളേജുകളിലെ 'ഇടിമുറികൾ ഉൾപ്പെടുന്ന വസ്തുതകളിലേക്കാണ്. സ്വാതന്ത്ര്യവും ധീരവുമായ മാധ്യമ നടപടികളെ എന്നിട്ടും തല്ലി ചതയ്ക്കാനാണ് സ്വാധീനശക്തികൾ ശ്രമിക്കുന്നത്. 'ഡിജിറ്റൽ ഇന്ത്യ' എന്ന ബൃഹത്തായ ആശയത്തിലേക്കാണ് പൊടുന്നനെ ഭരണകൂടം നടത്തിയ നീക്കത്തെ നിഷ്പക്ഷമായി നിന്നുകൊണ്ട് വിമർശിക്കുക യാണ് മാധ്യമങ്ങൾ ചെയ്യുത്. ഇന്ത്യ ഡിജിറ്റലാകുമ്പോഴും റോഡോ പാർപ്പിടമോ വൈദ്യുതിയോ ലഭ്യമാകാതെ പോകുന്ന ഗ്രാമീണ ജനതയുടെ വികാരങ്ങളെ മാധ്യമങ്ങൾ മാനിക്കുകയും കൂടെ നിൽക്കുകയും ചെയ്യു. പാർശ്വവൽക്കരിക്കപ്പെടാതയുള്ള മനസ്സോടെ യുള്ള ഇത്തരം ചിന്തകളെ മാനിക്കുന്നതിനു പകരം പലരും വെല്ലുവിളികൾ ഉയർത്തുകയാണ്. ജനാധിപത്യ രാഷ്ട്രം എന്ന ബോധം നഷ്ടപ്പെടും വിധം! മാധ്യമങ്ങളുടെ ഇന്നത്തെ ശക്തമായ വകഭേദമായിത്തീർന്നിരിക്കുകയാണ് സോഷ്യൽ മീഡിയകൾ.സമൂഹ മാധ്യമങ്ങളിലെ അഭിപ്രായപ്രകടനങ്ങൾ സുപ്രീം കോടതി ഹർജി വരെ ആകാമെന്ന ഇന്നത്തെ കാലത്ത് അവയിലെ രചനാസ്വാത ന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതു തന്നെ. വ്യക്തിപരമായ ചിന്തകളും ആത്മരോഷങ്ങളും പങ്കുവയ്ക്കുന്ന ഒരുവൻ അതിന്റെ പേരിൽ ആക്രമിക്കപ്പെടുന്നുവെങ്കിൽ ജനാധിപത്യം എന്ന വാക്കിന് എന്ത ർഥമാണുള്ളത്? വ്യക്തികളേയും മാധ്യമ ചിന്തകളേയും മാനിക്കാ ത്ത സമൂഹം തികച്ചും സ്വേച്ഛാധിപത്യപരമാണ്. മാധ്യമങ്ങളെ പോ ലെ ചോദ്യം ചെയ്യപ്പെടുകയാണ്നമ്മുടെ രചനാസംവിധാനങ്ങളും ആൾ ദൈവങ്ങളെയും നിലവിലെ അനാചാരങ്ങളെയും എതിർക്കുന്ന വനെ മതവിദ്വേഷിയായും സ്വന്തം ആശയങ്ങളെ മുറുകെ പിടിക്കുന്ന വനെ രാജ്യദ്രോഹിയായും മുദ്രകുത്തി പാകിസ്ഥാനിലേക്ക് നാടുകടത്താൻ വിധിക്കുന്നത് ആവിഷ്കാരചിന്താസ്വാതന്ത്ര്യത്തിലേക്കു ള്ള കൈകടത്തലിന്റെ അപകടകരമായ ഉദാഹാരണങ്ങളാണ്.

പാവങ്ങളുടെ സാഹിത്യക്കാരൻ വിക്ടർ ഹ്യൂഗോ പറഞ്ഞു.അതെ,കേവലം ആവിഷ്കാരങ്ങളെ ചോദ്യം ചെയ്തു കൊണ്ട് നമ്മൾ നശിക്കാനോ സത്യങ്ങൾ മരിക്കാനോ പോകുന്നില്ല. ഭരണഘടനാശിൽപി അംബേദ്കർ വിഭാവനം ചെയ്ത ജനാധിപത്യ ഇന്ത്യയിൽ മാധ്യമങ്ങളുടെയും വ്യക്തിത്വങ്ങളുടെയും നിഷ്പക്ഷവും സ്വതന്ത്രവുമായ വീക്ഷണങ്ങൾ ഇന്ധനമാക്കേണ്ടതുണ്ട്. യുവതലമുറയുടെയും രാഷ്ട്രത്തിന്റെയും സുസ്ഥിരവികാസത്തിന് ജനാധിപത്യത്തെ താങ്ങി നിർത്താൻ മാധ്യമങ്ങൾ സ്വതന്ത്രമായി തന്നെ നിലനിൽക്കേണ്ടതുണ്ട്. അഭിപ്രായങ്ങളും ചിന്തകളും വിലകൊടുത്തു വാങ്ങാൻ സാധിക്കുന്നതല്ല.അവ വില പേശലുകൾക്കതീതമായി നിലനിൽക്കുമ്പോഴാണ് ഇന്ത്യ മഹത്തായ ജനാധിപത്യരാഷ്ട്രമായും ഇന്ത്യൻ ജനത രാജ്യാധിപന്മാരായും മാറുന്നത്. പരമാധികാര-ജനാധിപത്യ-സോഷ്യലിസ്റ്റ്-മതേതരത്വ-റിപബ്ലിക്ക് എന്ന ആശയം സാധ്യമാകുന്നത്.മതസ്വാതന്ത്ര്യവും ലിംഗസമത്വവും ജനാധിപത്യബോധവും ചിന്താസ്വാതന്ത്ര്യവും വ്യക്തിത്വവും അതിന്റെ ഉന്നതങ്ങളിൽ എത്തുമ്പോൾ മാത്രമാണ് ഇന്ത്യയെന്ന മഹാരാജ്യത്തെ സുശക്തമായി നിലനിർത്താൻ മാധ്യമങ്ങൾ എന്ന തൂണിന്റെ സ്വാതന്ത്ര്യവും നിലനിൽക്കുക തന്നെ. ജനാധിപത്യപരമായി ഭാവി കാംക്ഷിക്കുന്നവരുടെ കടമയാണത്. ഇന്ത്യയുടെ അധിപരായ ഇന്ത്യൻ ജനതയുടെ കടമ. ഇന്ത്യൻ ജനാധിപത്യത്തിന്റെ സുസ്ഥിര നിലനിൽപ്പിനായി നമുക്ക് സ്വതന്ത്ര ചിന്തകളോടെ ഒന്നിക്കാം. ജനാധിപത്യ ഇന്ത്യ വിജയിക്കുക തന്നെ ചെയ്യും.

# പാളങ്ങൾ

ആദിത്യ



കഥ

നേരം ഇരുട്ടിത്തുടങ്ങി ഇനിയും ഒന്നും പ്രതീക്ഷിച്ചിട്ടു കാര്യമില്ല.രാധ തന്റെ അന്നത്തെ സമ്പാദ്യം ഒരിക്കൽ കൂടി എണ്ണി-തിട്ടപ്പെടുത്തിമുന്നൂറ് തികയാൻ പതിമൂന്നു രൂപ കൂടി വേണം. ഒരാഴ്ച്ചത്തെസമ്പാദ്യം മനസ്സിൽ കൂട്ടി നോക്കി ആയിരം തികയില്ല. ഒരു പാന്റും ഷർട്ടും വാങ്ങാൻ മതിയാവില്ല മനസ്സിൽ വല്ലാത്തൊരു വിങ്ങൽനിറം മങ്ങിയ ഷർട്ടുമിട്ട് മകൻ കോളേജിൽ പോകുന്നതു കാണമ്പാ-ൾ കണ്ണുനിറയാറുള്ളത് അവളോ ർത്തു.കോളേജിൽ പഠിക്കുന്ന കുട്ടികളൊക്കെ ദിവസവും വർണ്ണത്തുമ്പികളെപ്പോലെ റോഡി ലൂടെആർത്തുല്ലസിച്ച് നടക്കുന്നതു കാണുമ്പോ ൾ വല്ലായ്മ തോന്നും.അവരിൽ ചിലരൊക്കെ ചെരുപ്പ് തുന്നാൻ വരുമ്പോൾ ഉള്ളിലൊരു പ്രാർത്ഥനയായിരുന്നു.ആരും ഞാനവന്റെ അമ്മയാണെന്ന് തിരിച്ചറിയരുതേ എന്ന്.എ ന്നാൽ ഇന്ന് അതും സംഭിച്ചു.ഏതോരു കുട്ടി ഇത് സിദ്ധാർത്ഥിന്റെ അമ്മയാണെന്നു ചൂണ്ടിക്കാണിച്ചു കൊടുത്തപ്പോൾതലയ്ക്കകത്തൊരു കൊള്ളിയാൻ മിന്നി.എല്ലാവരും തന്നെ നോക്കി.എന്തോ പറഞ്ഞു കൊണ്ട് നടക്കുന്ന രംഗം മനസ്സിൽ തികട്ടി വന്നു.ബന്ധപ്പെട്ടു വീട്ടിലേക്കു നടന്നു.മറ്റന്നാൾ കോളേജിൽ ഒരു വിശേഷവസമാണെന്നും അന്നത്തേക്ക് ഒരു പുതിയപാന്റും ഷർട്ടും വങ്ങാനാവുമോ എന്നും നേരത്തെ തന്നെ അവൻ ചോദിച്ചിരുന്നു.എന്നിട്ടും തനിക്കത് സാധിച്ചില്ലല്ലോ എന്നോർക്കുന്തോറും നടത്തം മെല്ലെയായി.നാളെ വാങ്ങാനാവുമോ എന്ന് ഇന്ന് രാവിലേയും ഓർമ്മിപ്പിച്ചതാണ്. വയ്യ.....ഞാനവനോടെന്തു പറയും.വീട്ടു മുറ്റത്തെത്തിയപ്പോഴാണ് ചിന്തകളിൽ നിന്ന് ഞെട്ടിയുണർന്നത്.അവനെ എവിടെയും കാണുന്നില്ലല്ലോ വാതിൽ ചാരിയിട്ടുണ്ട് സിദ്ധു ...എന്നവൾ നീട്ടി വിളിച്ചു. ഞാനിവിടെയുണ്ട് വീടിനു മുന്നിലൂടെ പോകുന്ന റെയിൽപാളത്തിലേക്കു നോക്കി നിൽക്കുന്ന അവന്റെ രൂപം നേർത്ത ഇരുട്ടിൽ ഒരു നിഴൽപോലെ കണ്ടു.മനസ്സിൽ വീണ്ടുമൊരാളൽ. നീയിങ്ങുവന്നേ.....അവനോടെന്തുപറയും.ഒരെത്തും പിടിയും കിട്ടുന്നില്ലല്ലോഅൽപംദൂരെ മാറിനിന്ന്ആരോടെന്നില്ലാതെഅവൻപറഞ്ഞുതുടങ്ങ.ഞാനിനികോളേജിൽപോകുന്നില്ല....മോനേ.....ജാനകിയുടെശബ്ദം ഇടറി.വയ്യ.മടുത്തു.നാളെ മുതൽ ഞാനെന്തെങ്കിലുംപണിക്കു പൊയ്ക്കൊള്ളാം.നീയെങ്കിലും പഠിച്ച്നല്ല നിലയിലെത്തുമെന്ന് ഞാൻ കരുതി.എല്ലാം മുന്നിലൂ ടെനീണ്ടു പോകുന്ന ഈ പാളങ്ങൾ പോലെ. രാധ ആരോടെന്നില്ലാതെ പറഞ്ഞു നിർത്തി. സിദ്ധാർത്ത് ഒന്നും മിണ്ടാതെ മുന്നിലെപാളത്തിനടുത്തേക്ക് നടന്നു നീങ്ങുന്നത് നോക്കി നിൽക്കുമ്പോൾ അവളുടെ കണ്ണിലൂടെ ചുടു കണ്ണീർധാരധാരയായി ഒഴുകുന്നുണ്ടായിരുന്നു.

# അജഗജാന്തരം



ആസ്വാദനക്കുറിപ്പ്

സിബിന

വലുപ്പച്ചെറുപ്പങ്ങളെ ഹാസ്യരൂപത്തിൽ താരതമ്യം ചെയ്യുന്ന എസ്.വി.വേണുഗോപൻ നായരുടെ ഒരു ചെറുകഥയാണ് അജഗജാന്തരം.ആനക്കാരനായ നാണുക്കുട്ടിയാണ് കഥയിലെ കേന്ദ്രകഥാപാത്രം.ആനക്കാരൻ എന്ന ജോലി ഉപേക്ഷിച്ച് ഒരു ആടിനെ മേയ്ക്കാൻ ഒരുങ്ങുന്ന നാണുക്കുട്ടിക്ക് സമൂഹത്തിൽ നിന്നും കുടുംബത്തിൽ നിന്നും ഏൽ-ക്കേണ്ടിവരുന്ന ശാസനങ്ങളേയും പരിഹാസത്തേയും ആധാരമാക്കിയാണ് കഥ മുന്നോ-ട്ട് നീങ്ങുന്നത്. കൊലകൊമ്പന്മാരായ പാപ്പാന്മാരുടെ കുലത്തിലെ അവസാന കണ്ണി-യാണ് നാണുക്കുട്ടി. മദം പൊട്ടിയ പത്മനാഭനേയും കല്യാണിക്കുട്ടിയേയും നാണുക്കുട്ടി നിർഭയം മെരുക്കിയിട്ടുണ്ട്. 'അത്രയ്ക്ക് ധീരനും വീരനുമായ നാണുക്കുട്ടി,പെട്ടെന്ന് മുളച്ച് -പൊന്തിയ ഒരു ആഗ്രഹത്തിന്റെ പേരിൽ കുലത്തൊഴിൽ ഉപേക്ഷിക്കുന്നു'-ഈ വാർത്ത ആദ്യം അറിഞ്ഞത് മനയ്ക്കലെ തിരുമേനിയാണ്.എല്ലാം ദൈവവിധി എന്ന് വിശ്വസിച്ച് നാണുക്കുട്ടിയുടെ തീരുമാനത്തിൽ സ്വയം ആശ്വസിക്കുകയാണ് തിരുമേനി.അങ്ങാടി-യിൽ വച്ച്പരിഹസിക്കാൻ ഒരുങ്ങിയ കാര്യസ്ഥനോട് "വയസ്സുകാലത്ത് നെറത്തേ-ലൊരു ഭ്രമമാണ് " എന്ന് പറഞ്ഞ നാുക്കുട്ടി "ഐരാവതം ഭൂമിയിൽ ഇല്ലാത്തതിനാ-ലാണ് ആടിനെ വാങ്ങിയത് "എന്നും മറുപടി നൽകുന്നു.കുടുംബത്തിൽ നിന്നും ആദ്യംഎതിർത്തത് അമ്മാവനായിരുന്നു.അരിശം കാരണം ഓടിയെത്തിയ അമ്മാവന്റെ ഓരോ വാക്കും രാമബാണത്തിന്റെ വേഗവും മൂർച്ചയുമുള്ളതാണെങ്കിലും അത് നാണു-ക്കുട്ടിക്ക് ഏറ്റില്ല.അമ്മാവനെ അടക്കിനിർത്താൻ അയാൾ ' കാസം' എന്ന അസുഖത്തെമുൻനിർത്തുന്നു.കാസത്തിന് ആടിന്റെ പാൽ നല്ലതാണെന്നും നാണുക്കുട്ടി അമ്മാവനോട്പറയുന്നു. ഈ ഉത്തരത്തിലൊന്നും തൃപ്തിയാവാതെ അമ്മാവൻ നാണുക്കുട്ടിയുടെ ഭാര്യയെ ശാസിക്കുന്നു.വൈകീട്ട് ചന്തയിൽ പോയി മടങ്ങിവന്ന ഭാര്യയുടെ കരച്ചിൽ കണ്ട നാണുക്കുട്ടി എന്താണ് കാരണമെന്ന് ചോദിക്കുന്നു.നാണുക്കുട്ടിയുടെ ആടിനെ മേയിക്കാനുള്ള തീരുമാനത്തിൽ നാട്ടുകാരുടെ പരിഹാസം കേട്ടാണ് ഭാര്യ കരഞ്ഞത് എന്ന് മനസിലാക്കിയ അയാൾ യാതൊരു ഭാവഭേതവുമില്ലാതെ ഭാര്യയോട് "നിന്റേം പിള്ളേരുടേം കൂടെ സ്വസ്ഥമായി ഇരിക്കാലോ"എന്ന് പറയുന്നു.അത് ഭാര്യയിൽ സന്തോഷത്തിനു കാരണമായി.അവസാനം നാണുക്കുട്ടി ഒരു വെള്ളുത്തു തുടുത്ത ആടിനെ കൊണ്ടുവന്നു.അതിന് 'നങ്ങേമ' എന്ന് നാമകരണം ചെയ്തു.നങ്ങേമയുടെ നിർത്താതെയുള്ള കരച്ചിൽ അയാളുടെ ഒരു രാത്രിയിലെ ഉറക്കം കെടുത്തി. ഒരുദിവസം മുഴുവൻ ആനയും ആടും തമ്മിലുള്ള വ്യത്യാസം ആലോചിച്ചെങ്കിലും കൃത്യമായ ഉത്തരത്തിലേക്കെത്താൻ നാണുക്കുട്ടിക്ക് കഴിഞ്ഞില്ല.അവസാനം തന്റെ തീരുമാനം ശരിയാണെന്ന് തന്നെത്തന്നെ ബോധിപ്പിക്കാൻ അയാൾ ഒരു മനോഹരമായ യുക്തി കണ്ടെത്തുന്നു.ആനയെപ്പോലെ ആടിന് പ്രതികാരബുദ്ധിയില്ല.അതിനാൽ ആണ് സമാധാനദൂതന്മാരായ ക്രിസ്തുവും കണ്ണനും കാലികൾക്കൊപ്പം ജീവിച്ചത് എന്നതാണ് ആ യുക്തി.എന്തായാലും തന്റെ യുക്തിയിൽ നാണുക്കുട്ടി സമാധാനം കണ്ടെത്തുന്നു.പല പ്രധാന പ്രയോഗങ്ങളും കഥാകൃത്ത് ഇതിൽ എഴുതിയിട്ടുണ്ട്.അവയിൽ ചിലതാണ് അഷ്ടകലാശവും,രാമബാണവും രാമന്റെ അസ്ത്രത്തിന് വലിയ പ്രത്യേകത-യുണ്ട്.അത് കൃത്യമായി ലക്ഷ്യസ്ഥാനത്ത് എത്തുന്നു.കൂടാതെ രാമബാണത്തിന് വേഗവും സൂക്ഷ്മതയും ഉണ്ട്.അഷ്ടകലാശം അമ്മാവന്റെ ദേഷ്യത്തെ സൂചിപ്പിക്കുന്നു. ആനയുമായി ബന്ധമുള്ള ധാരാളം വാക്കുകൾ ഈ കഥയിലുണ്ട്.മദംപൊട്ടുക,തളച്ചുനിർത്തുക,കോൽവയ്ക്കുക എന്നിവയാണവ.കൂടാതെ ആനയെ പോലെ നങ്ങേമയ്ക്ക് കുഴലാഭരണവും നെറ്റിപ്പട്ടവും പണിയിക്കണമെന്നും നാണുക്കുട്ടി കരുതുന്നു.ആടിനെ വാങ്ങിയത് ചില അവസരങ്ങളിൽനാണുക്കുട്ടിക്ക് അമളിയായിട്ടുണ്ട്.അന്നേവരെ ആനക്കാരൻ എന്ന നിലയിൽ ആൾക്കാർ ബഹുമാനിച്ചനാണുക്കുട്ടി ഇന്ന് ഇടയൻ എന്ന നിലയിൽ അവർക്ക് ഒരു പരിഹാസപാത്രമാണ്.ആന്ക്കു മുമ്പിൽ അധികാരത്തോടെ നടന്ന നാണുക്കുട്ടി നങ്ങേമയെ വാങ്ങിയതിൽപിന്നെ അതിന്റ കയറിൽ പിടിച്ച് വലിച്ച് പിറകെ നടക്കുന്നു.കുടാതെ ചാടിത്തുള്ളി നടക്കുന്ന നങ്ങേമയുടെ അരികിലെത്താൻ നാണുക്കുട്ടി 'ആനനട' ഉപേക്ഷിച്ച് പുതിയനടത്തരീതി പരിശീലിക്കുന്നു.കൂടാതെ ആനയുടെ അടുത്ത് കോൽവച്ചാൽ അടുത്ത് ആൾ ഉണ്ട് എന്ന് കരുതി ആന അടങ്ങിനിൽക്കുമായിരുന്നു.എന്നാൽ ആടിന്റെകാലിൽ കോൽ വച്ച നാണുക്കുട്ടിക്ക് അനുഭവത്തിലൂടെ 'കോൽ വച്ചാൽ ആട് നിൽക്കില്ല ' എന്ന ഗുണപാഠം ലഭിക്കുന്നു.തനിക്ക് ശരിയെന്ന് തോന്നുന്നത് ചെയ്യുന്ന നാണുക്കുട്ടി ആൾക്കാരുടെ പരിഹാസമോ അവഗണനയോ കണക്കിലെടുക്കുന്നില്ല.സമൂഹം ഉയർത്തുന്ന പരിഹാ-ത്തെ പാടെ അവഗണിക്കുന്ന നാണുക്കുട്ടി ഒരു പുതിയ സമൂഹത്തിന്റെ പ്രതിനിധിയായി ' അജഗജാന്തരം' എന്നകഥയിൽ മാറുന്നു.



# മനുഷ്യത്വം മെനഞ്ഞ യുവത്വം

ഗൗരിനന്ദ

ലേഖനം

മുരുകൻ കാട്ടാക്കട പറഞ്ഞ പോലെ ഇല്ലായ്മ കൊല്ലാത്ത യൗവനങ്ങളാണ് നാടിൻെറ ഭംഗി. ഒരു കരുത്തുറ്റ തലമുറയാണ് കരുത്തുറ്റ സമൂഹത്തെ സൃഷ്ടിക്കുന്നത്. ജീവിതത്തിൽ ഏറെ പ്രസരിപ്പും വർണാഭവുമായ ഒരു ഘട്ടം. ഏതൊരു വ്യക്തിത്വത്തിൻെറയും ഓർമ്മയുടെ കാണാപ്പുറങ്ങളിൽ എന്നും മായാത്ത മഷിയാൽ കോറിയിട്ട ഒരു ഏടാണ് യൗവനം.പ്രസ്ഥാനങ്ങളാണ് യുവാക്കളെ ഉയർത്തു ന്നത്. ലോകത്തിൽ സമത്വവും അസമത്വവുമൊക്കെ നിശ്ചലമാക്കിയത് ഈ യൗവനം തന്നെയല്ലേ?ആധു നിക ലോകം നവമാധ്യമങ്ങളുടെ പിടിയിൽ അടിമപ്പെട്ടു എന്നാക്ഷേപിച്ച സമൂഹത്തോടുള്ള ഒരു മറുപടിയാണ് കേരളം അനുഭവിച്ച പ്രളയം എന്ന് സമർത്ഥി ക്കേണ്ടിയിരിക്കുന്നു. നമ്മുടെ യുവത്വത്തിൻെറ പ്രാധാ ന്യം മനസ്സിലാക്കിയ നിമിഷങ്ങളാണിവ. കേരളചരിത്ര ത്തിൻെറ ഏറ്റവും ദയനീയമായ മുഖമാണ് ഈ പ്രളയ വും മഹാമാരിയും. പ്രളയത്തെ നാം അതിജീവിച്ചെങ്കിലും ഇതിൻെറ പാർശ്വഫലങ്ങൾ മ റ്റൊരു വിധത്തിൽ നമ്മെ വേട്ടയാടുന്നു.പ്രകൃതി തൻെറ ക്രൂരമായ മുഖംമൂടി കീറിപ്പറിച്ച് താണ്ഡവമാടി, പുഴയും നദികളും കുന്നും മലയും അകമ്പടി സേവിച്ചു. ഗതിമാറി ഒഴുകേണ്ടി വന്ന പുഴ ഗതി കിട്ടാതെ അലഞ്ഞു. കണ്ണിൽ കണ്ടതെല്ലാം തട്ടിത്തെറിപ്പിച്ചു. ഇതൊരു മറുപടിയായിരുന്നുവെ ന്നുകൂടി കാണേണ്ടിയിരിക്കുന്നു. പ്രളയക്കെടുതിയിൽ ജീവനും സ്വത്തും നഷ്ടപ്പെട്ട സമൂഹത്തെ കരകയറ്റി യതിൽ യുവാക്കൾക്കുള്ള സ്വാധീനവും പങ്കും നാം കേരളജനത നേരിട്ടുകണ്ടു. തൻെറ സ്വന്തം നാട് പ്രളയത്തിൽ മുങ്ങിക്കൊണ്ടിരിക്കുമ്പോൾ എല്ലാവരും പ്രതീക്ഷിച്ചത് ഇന്നത്തെ പുതുതലമുറ അതും ഫോട്ടോ എടുത്ത് നവ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുമെന്നായി രുന്നു. എന്നാൽ അവർ വന്നു, ഒത്തു. കേരളം രക്ഷി ക്കപ്പെട്ടു എന്നു പറയാം. ജീവിതം തളിർക്കുകയാ ണിപ്പോൾ. വയനാട്ടിലും മറ്റുമായി 2000- ൽ അധികം വിദ്യാർത്ഥികൾ ഇന്നും വിദ്യാലയങ്ങളിൽ പോയിട്ടുകൂടി യില്ല. ഇതി നോടുള്ള വിമുഖത ഒരു പരിധിവരെ മാറ്റിയത് യുവത്വം തന്നെയല്ലേ? യുവാക്കളെ ഒന്നിനും പ്രസംഗച്ചും ആക്ഷേപിച്ചും നടന്നവരെ രക്ഷിക്കാൻ അവർ മത്സ്യത്തൊഴിലാളിയായും അവരുടെ കൂടെത്ത ന്നെയും എത്തി. ഗർഭിണികളായ സ്ത്രീകളെ അവർ ശ്ര ദ്ധിച്ചു. കുഞ്ഞുപൈതലുകളെ അവർ ഊട്ടിയുറക്കി. ഇത്രയും കാര്യങ്ങൾ ഒരു കഥനകഥയെന്നോളം പറയുമ്പോൾ ഇതൊരു പാഴ് ക്കഥയല്ലേ എന്ന് സംശയി ക്കുന്ന വിദ്വാന്മാരോ ട് എന്നും പറയാൻ പറ്റുന്ന ഒരു ഊദാഹരണം മാത്രമാണുള്ളത്, ജെയ്സൺ. സ്വന്തം ശരീരം മറ്റുള്ളവർക്ക് ചവിട്ടുപടിയാക്കിനൽകിയ യുവാവ്. അദ്ദേഹത്തെക്കഴിഞ്ഞു മാത്രമെ ആരേയും പറയാൻ കഴിയൂ.പ്രളയകാലത്തെ യുവാക്കളുടെ ഉത്തരവാദിത്വ പൂർണ്ണമായ ദൗത്യമാണ് ഇതിനു വഴി തെളിയിച്ചത്. യുവാക്കൾ, പ്രത്യേകിച്ചും കേരളയുവാക്കൾ, അല്ല,കാസർഗോഡിൻെറ സ്വന്തം യുവാക്കളാണ് ഇത് സ്വന്തം കടമയാക്കിയത്.

കേരളം ഇപ്പോൾ നേരിട്ടു കൊണ്ടിരിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളും പ്രകൃതിയെ നശിപ്പിക്കുന്ന വികലമായ വികസന പ്രവർത്തനങ്ങളുടെ സൃഷ്ടിയാണ്. പരമാവധി ഉൽപ്പാദനം, പരമാവധി ഉപഭോഗം, അമിതസുഖം എന്ന സമ്പന്നതയുടെ വികസന പ്രവർത്തനങ്ങളുടെ അമിത ചൂഷണം കേരളത്തിൻെറ പാരിസ്ഥിതിക സന്തുലിതാവസ്ഥ തന്നെ തകർക്കയാണുണ്ടായത്.മനുഷ്യരിൽത്തന്നെ അധികാരവും സമ്പത്തുമുള്ളവരാണ് പ്രകൃതി ചൂഷണ ത്തിൻെറ യഥാർത്ഥ ഗുണ ഭോക്താക്കൾ. സമ്പന്ന ന്യൂനപക്ഷം നടത്തുന്ന അതിരുകടന്ന ഈ കൊള്ളയ ടിയുടെ തീരാദുരിതങ്ങൾ പേറുന്നത് മനുഷ്യരിൽ മഹാഭൂ രിപക്ഷം വരുന്ന ദാരിദ്ര്യജനതയാണ്. ഇവർക്കൊരു താങ്ങായ്,തണലായ് മാറാൻ നമ്മെ പഠിപ്പിച്ചത് യുവത്വം തന്നെ. ധന സമാഹരണവും ചാരിറ്റബിൾ വർക്കും ഒക്കെ അവർ ചെയ്തു. ഇത് ആരും പറഞ്ഞിട്ടല്ല, ഒരു ഉപബോധം തന്നെയാണ്.പ്രകൃതിയിൽ മനുഷ്യ ൻെറ ആവശ്യത്തിനുള്ളതേയുള്ളൂ, അത്യാഗ്രഹത്തിനുള്ള തില്ല.'എന്ന മഹാത്മാഗാന്ധിയുടെ സന്ദേശം നാം ഓരോരുത്തരും ഓർക്കേണ്ടിയിരുന്നു. ഇന്ന് യൗവ്വന ത്തിൽ നിലകൊണ്ടവർ യഥാർത്ഥ ദൈവങ്ങളാണ്. പ്രളയകാലത്ത് അനേകം ദുരിതാശ്വാസ ക്യാമ്പുകളും രക്ഷാപ്രവർ ത്തന സംഘങ്ങളും സജീവമായിരുന്നു. ഇതിനു നേതൃത്വം നൽകിയത് യുവാക്കൾതന്നെ. ഇവർ ഒരു പുത്തൻ ഉണർവ് ലഭിച്ചവരാണ്. അതിനാൽ ഇത് കേരളത്തിൻെറ ചരിത്രത്തിലെ നവോത്ഥാനമാണ്. ലോകത്ത് കഴിവില്ലാത്തവരായി ആരുമില്ല. തങ്ങളുടെ ഉ ള്ളിലെ കഴിവ് അവർ മനസ്സിലാക്കുന്നില്ല, ഈ പ്രളയക്കെടുതിയിൽ നാം കണ്ടറ്ഞ്ഞത് മനുഷ്യത്വം എന്ന കഴിവാണ്.

ഗത്യന്തരമില്ലാതെ പിട യുന്നവർക്കു മുന്നിൽ ദൈവമായി അവതരിച്ചവരാണ് യുവത്വം. യുവാക്കൾ ദൈവ ത്തിൻെറ പ്രതിപുരുഷരായി മാറുകയായിരുന്നു. കളക്ടർമാരടക്കമു ള്ള യുവാക്കളുടെ കൃത്യസമയത്തുള്ള ഇടപെടലാണ് രക്ഷാപ്രവർത്തകർ ക്കൊപ്പം മത്സ്യ തൊഴിലാളികളുമെത്തട്ടെ എന്ന ആശയം രൂപം കൊള്ളിച്ചത്. പ്രളയക്കെടുതിയിൽ നിന്നും കേരളത്തെ രക്ഷിച്ചതിൽ യുവാക്കളുടെ കഴിവ് നാം എത്ര അഭിനന്ദിച്ചാലും തീരി ല്ല. ഇനി വറ്റാത്ത ഉറവിടങ്ങൾ ഇന്നുമുണ്ടെന്നുള്ള ഒരു ഉത്ബോധനമാണ് ഈ പ്രവർത്തനങ്ങൾ. ഇന്ന് ഭരണകർത്താക്കളും സന്നദ്ധസംഘടനാപ്രവർത്തകരും നവകേരള നിർമി തിയിൽ പ്രവർത്തിക്കുന്നു. ഇതിലും നമ്മുടെ യുവാക്കളുടെ യുവത്വബോധമാണ് മുന്നിൽ തിളങ്ങുന്നത്. യുഗാന്തര ങ്ങളായി നിലനിൽക്കുന്ന വിവേചനങ്ങളും ഉച്ചനീചത്വ ങ്ങളും ഇന്ന് അലിഞ്ഞില്ലാതായി. നാം ഏവരും ഒന്നാണ് എന്ന ചിന്തയാണിവിടെ ഉത്ഘോഷിക്കുന്നത്. പ്രളയദി നങ്ങളിൽ യുവാക്കൾ ഒറ്റക്കെട്ടായി നിലകൊണ്ടു. പ്രളയം ബാധിക്കാത്തവർ ഇതൊക്കെ ശ്രദ്ധിക്കാതി രുന്നെങ്കിൽ ഇത് ചരിത്രത്തിലെ ഒരു കറുത്ത അധ്യായമായി നിലകൊള്ളേണ്ടതായിരുന്നു. കേരളത്തി ൻെറ ഉപ്പുപുരണ്ട കണ്ണുനീർ ത്തുള്ളിയാണ് ഈ പ്രളയം. ഈ പ്രളയകാലത്ത് ഉള്ളവനും ഇല്ലാത്തവനും തമ്മിൽ അ ന്തരമില്ല എന്ന് യുവാക്കൾ നമ്മെ ബോധിപ്പിച്ചു. കേരളത്തിലെ യുവാക്കൾ നവകേരളസൃഷ്ടിക്കായി കൈകോർത്തു.നമ്മുടെ പുനർസൃഷ്ടിക്കായി കരുത്തുറ്റ പ്രയത്നിച്ച യുവത്വങ്ങൾക്കും ഒരായിരം നന്ദി നൽകു ന്നവർ നാം തന്നെ, ഇത്തരം യുവാക്കളുടെ കൂട്ടാ യ പ്രവർത്തനങ്ങൾ നവകേരളനിർമ്മിതിയിൽ യുവാക്കളു ടെ പ്രാധന്യം ചൂണ്ടിക്കാട്ടുന്നു.



## ശുചിത്വം

അനുരാജ്

ഞ ങ്ങൾ ഒരുപറ്റം സൂക്ഷമജീവി കളാണ്. വെറും സൂക്ഷ്മജീവികള ല്ലനല്ലഒന്നാന്തരം അസുഖങ്ങൾ ഉണ്ടാക്കുന്ന സൂക്ഷമജീവിക ൾ.സാധാരണയായി കണ്ടുവരു ന്ന ജലദോഷ വും പനിയും തൊട്ട് നിങ്ങളേവരും ഭയപ്പെ ടുന്ന എയ്ഡ്സ്,ഹെപ്പറ്റൈറ്റിസ് തുടങ്ങിയവയും ഞങ്ങൾ ഉണ്ടാക്കുന്നത് തന്നെ. എന്നാൽ നിങ്ങളുടെ കൊള്ളരുതായ്മ കൊണ്ടുതന്നെയാണ് ഞങ്ങൾ നിങ്ങളിൽരോഗത്തിന്റെ വിത്തു കൾ വിതയ്ക്കുന്നത്.ഒരു തരതത്തി ൽ പറഞ്ഞാൽ ഞങ്ങളെ ക്ഷണിച്ചു വരുത്തു ന്നു.നിങ്ങൾക്ക് ഞങ്ങളെ അകറ്റിനിർത്തണ മെങ്കിൽ ശുചിത്വം പാലിച്ചേ മതിയാകൂ.ശുചി ത്വം ഇല്ലാത്ത അന്തരീക്ഷത്തിൽ ഞങ്ങൾ എലികളെയും കൊതുകുകളെയും കൂട്ടു പിടിച്ച് നിങ്ങളിൽ പ്രവേശിക്കും.മലിനമായ ജലം, മണ്ണ് തുടങ്ങിയവയിൽ നിന്നും ഞങ്ങൾ നിങ്ങളിൽ എത്തും. ചുരുക്കിപറഞ്ഞാൽ എത്താതെ ഇരിക്കേണ്ടത് നിങ്ങൾ ഓരോരു ത്തരുടെയും കടമയാണ്.ഇതെ ല്ലാം കേട്ട് ഞങ്ങളെ അപ്പാ ടെ വെറുക്കല്ലെ.ഞങ്ങളുടെ ഭൂരിഭാഗം കൂട്ടുകാ രും നിങ്ങൾക്ക് ഉപകാരം ചെയ്യുന്നവരാണ്.



## ഗുരുത്വ തരംഗങ്ങളുടെ കണ്ടെത്തൽ

പ്രജീഷ്

2015 സെപ്റ്റംബർ 14 നാണ്ഗുരുത്വതരംഗങ്ങളെ ആദ്യമായി കണ്ടെത്തുന്നത്. സൂര്യന്റെമുപ്പത് മടങ്ങിലേറെ ഭാരമുള്ള രണ്ട് തമോഗർത്തങ്ങളുടെ കൂടിചേരൽ വഴി രൂപപ്പെട്ട താണ് ഈ തരംഗങ്ങളെന്നും കണ്ടെത്തി. 1.3 ബില്യൺ വർഷ ങ്ങൾസഞ്ചരിച്ചാണ്ഈ തരംഗങ്ങ ൾലൈഗോയിലെ ഡിറ്റക്ട്റ്റുകളിലെത്തിയത്. തുടർന്ന്2017 ആഗസ്റ്റിലടക്കം മൂന്ന് തവണ കൂടി ഗുരുത്വതരംഗങ്ങളുടെ സാന്നിധ്യം രൂപപ്പെടുത്തു കയുണ്ടായി.ഐൻസ്റ്റീന്റെ സാമാന്യ ആപേക്ഷിക സിദ്ധാന്തം. 100 വർഷങ്ങൾക്കുശേഷംവീണ്ടുംതെളി യിക്കപ്പെട്ടുഎന്നത് മാത്രമല്ല ഈ കണ്ടത്തെലിന്റെ പ്രസക്തി.പ്രകാശത്തിനു പോലുംകടന്നുപോകാ ത്ത അതിസാ ന്ദ്രവസ്തുക്കളാണ് തമോഗർ ത്തങ്ങൾ

# സ്കൂൾ ചരിത്രം

ഉദിനൂർ എന്ന സ്ഥലനാമത്തിന്റെ പൊരുളുമായി ബന്ധപ്പെട്ട് ഒന്നിലേറെ ഐതിഹ്യങ്ങൾ നിലനിൽക്കുന്നു. കോലത്തിരി രാജാവ് ഉദയവർമ്മന്റെ മകൻ ഉദയാദിത്യന്റെ ഊര് അഥവാ ഉദയാദിത്യന്നൂര് എന്നും ക്ഷേത്രപാലകൻ അമ്മ കാളരാത്രിയോടൊപ്പം ഉദയം ചെയ്ത നാട് എന്നീ അർത്ഥത്തിലും സ്ഥലനാമ ചരിത്രമുണ്ട്. സംസ്ഥാന പുനസംഘടനയ്ക്ക് മുമ്പ് പഴയ മദിരാശി സംസ്ഥാനത്തിൽ പെട്ട സൗത്ത് കാനറ ജില്ലയുടെ ഭാഗമാ യിരുന്ന ഉദിനൂർ. ഉരിയരിയും പിടിയ രിയും പിടിച്ച് നാടിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് പരിശ്രമിക്കണമെന്ന 1980-ലെ നായനാർ സർക്കാറിന്റെ ആഹ്വാനം ഉദിനൂർ ഗ്രാമത്തിൽ സാക്ഷാത്കരിക്കപ്പെട്ടു. 81-82 കാലത്ത് പടന്ന പഞ്ചായത്ത് വൈസ് പ്രസിഡണ്ടായിരുന്ന ശ്രീ.എം.പി. കണ്ണൻ ഉദിനൂർ ഗ്രാമത്തിന്റെ വിദ്യാ ഭ്യാസ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് നാട്ടുകാരുടെ ഒരു യോഗം വിളിച്ചു ചേർത്തു. ഈ യോഗത്തിൽ അമ്പതോളം പേരടങ്ങുന്ന ഒരു വെൽഫേർ കമ്മിറ്റി രൂപീകരിച്ചു. ശ്രീ.കെ.വി. രാഘവൻ മാസ്റ്റർ പ്രസിഡണ്ടും ശ്രീ.വി.കെ.ദാമദരൻ കൺവീനറുമായ കമ്മിറ്റിയാണ് പ്രാരംഭ പ്രവർത്തനം തുടങ്ങിയത്. അന്നത്തെ ഏകാധ്യാപകൻ ശ്രീ. സുബ്രഹ്മണ്യൻ മാസ്റ്റർ എട്ടാം തരം ക്ലാസ്സോടെ സ്കൂൾ പ്രവർത്തനം ആരംഭിച്ചു. അന്നത്തെ എം.എൽ. എ. ശ്രീ.പി. കരുണാകരന്റെ നിരന്തരമായ ഇടപെടൽ ഇവിടെ എടുത്ത്പറയേണ്ടതാണ്. പടന്ന ഗ്രാമ പഞ്ചായത്തിന്റെയും നാട്ടുകാരുടെയും ശ്രമഫലമായി 3 ഏക്കർ സ്ഥലം സർക്കാരിൽ നിന്നും അനുവദിച്ചു കിട്ടുകയും എട്ടാം ക്ലാസിൽ 25 വിദ്യാർത്ഥികളുമായി ഏകാധ്യാപകവിദ്യാലയമായി അധ്യയനം ആരംഭിക്കുകയും ചെയ്തു. ആദ്യ എസ്.എസ്. എൽ.സി. ബാച്ച് 1984-ൽ അനുവദിക്കപ്പട്ടു.1985 മുതൽ 100% വിജയം കൈവരിച്ചു കൊണ്ട് പഠന ത്തോടപ്പം പാഠ്യാനുബന്ധ പ്രവർത്തന ങ്ങളിലും മികച്ച സർക്കാർവിദ്യാലയമായി മാറാൻ ചുരുങ്ങിയ കാലം കൊണ്ട്സാധിച്ചു.1988-ൽഹയർ സെക്കന്ററിയായിഉയർത്തപ്പെട്ടു. സംസ്ഥാന സ്കൂൾ കലോത്സവത്തിലെ അവസാന കലാതിലകം ഈ വിദ്യാലയത്തിലെ ആതിര ആർ നാഥാണ്.

# സജീവമായ ഒരുവർഷം

## ലഹരി വിരുദ്ധ ദിനം




ജൂൺ 26 ലഹരി വിരുദ്ധ ദിനം ജില്ലാ പോലീസ് മേധാവി ഡോ:ശ്രീനിവാസ് നേതൃത്വം നത്കിയ സൈക്കിൾ റാലി എം രാജഗോപാലൻ എം എൽ എ ഫ്ലാഗ് ഓഫ് ചെയ്തു.സ്കൂൾ അസംബ്ലിയിൽ ബോധവൽക്കരണം, പ്രതിജ്ഞ എന്നിവ നടന്നു.

## പരിസ്ഥിതി ദിനം



ജൂൺ 5 ലോകപരിസ്ഥിതി ദിനം പ്ലാവിൻ തൈകൾ നട്ടുപിടിപ്പിച്ച് കൊണ്ട് ഉദ്ഘാടനം നടത്തി.സ്കൂൾ കോമ്പൗണ്ട് ശുചീകരിച്ച് "ക്ലീൻ ക്യാംപസ് "എന്ന ആശയം പ്രാവർത്തികമാക്കി.പ്ലാസ്റ്റിക്ക് കാരി ബാഗുകൾ സ്കൂളിൽ കൊണ്ടുവരുന്നത് പൂർണമായും ഒഴിവാക്കാൻ തീരുമാനമെടുത്തു.



ഉദിനൂർ ഗവ: ഹയർ സെക്കണ്ടറി സ്കൂളിന്റെ നേതൃത്വത്തിൽ ഫോക് ലോർ അക്കാദമി ഫെല്ലോഷിപ്പ് നേടിയ സ്കൂൾ അധ്യാപകൻ പി ഭാസ്കരൻ മാസ്റ്റർ, പൂരക്കളി കലാ അക്കാദമി അവാർഡ് ജേതാവ് സി നാരായണൻ എന്നിവരെ അനുമോദിച്ചു.നീലേശ്വരം മുൻസിപ്പൽ ചെയർമാൻ കെ പി ജയരാജൻ ഉപഹാരം വിതരണം ചെയ്തു.ജില്ലാ പഞ്ചായത്ത് അംഗം പി സി സുബൈദ അധ്യക്ഷത വഹിച്ചു.



ലോകകപ്പ് ഫുട്ബോളിൽ മത്സരിക്കുന്ന 32 രാജ്യങ്ങൾക്ക് പിന്തുണ പ്രഖ്യാപിച്ചു കൊണ്ട് ഉദിനൂർ ഗവ: ഹയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ സൈക്കിൾ റാലി നടത്തി. വിവിധ രാജ്യങ്ങളുടെ ജെഴ്സിയണിഞ്ഞ് നൂറോളം ആൺകുട്ടികളും പെൺകുട്ടികളും റാലിയിൽ പങ്കെടുത്തു.സ്കൂളിൽ നിന്ന് ആരംഭിച്ച റാലി തടിയൻ കൊവ്വൽ വരെ പ്രയാണം നടത്തി നടക്കാവിൽ സമാപിച്ചു.





കേരളത്തിൽ പ്രളയം മൂലം ദുരിതമനുഭവിക്കുന്നവർക്ക് സ്കൂൾ എൻ എസ്സ് എസ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ തുണിയും മറ്റ് നിത്യോപയോഗസാധനങ്ങളും ശേഖരിച്ച് കെ എസ്സ് ആർ ടി സി ബസ്സിൽ കയറ്റി അയച്ചു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സാമ്പത്തിക സഹായവും നൽകി.



സ്മാർട്ട് @40 ഓ ആർ സി ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾ അധ്യാപക അവാർഡ് ജേതാവ് നിർമൽ മാസ്റ്ററുമൊന്നിച്ച്



**വിദ്യാരംഗം ഉത്ഘാടനം**
**പൂർവ്വവിദ്യാർത്ഥിയും എം എ റാങ്ക് ഹോൾഡറുമായ വിദ്യ നിർവഹിച്ചു.**
**ദിവ്യയ്ക്ക് സ്കൂൾ വക ഉപഹാരം ഹെഡ്മാസ്റ്റർ നൽകി**



**കേരള ക്ഷേത്ര കലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ സ്പിക് മാകെ ആസാമീസ് സത്റി യ നൃത്തം സംഘടിപ്പിച്ചു. ഡോ.അന്വേഷ മഹന്ത നൃത്തം അവതരിപ്പിച്ചു.ഒന്നര മണിക്കൂർ നീണ്ടുനിന്നപരിപാടിയിൽഡെമൊൺസ്ട്രേഷനും ഉണ്ടായിരുന്നു.**



**സ്കൂൾ കലാധ്യാപകനായിരുന്ന പത്മനാഭൻ മാസ്റ്റർ നിർമിച്ച ലഹരി വിരുദ്ധ ശിൽപത്തിനു മുന്നിൽ ആമ്പൽകുളം ഒരുക്കി കൂടുതൽ മനേഹരമാക്കി.**



ഉദിനൂരിന്റെ ഫുട്ബോൾ പെരുമയ്ക്ക് പിന്തുണയുമായി സ്പോൺസർമാരെത്തി

ഉദിനൂർ ഗവ. ഹയർ സെക്കൻഡറി സ്കൂൾ ഫുട്ബോൾ ടീമിന് ഒഡീസിയ ഗ്രൂപ്പ് നൽകിയ ജഴ്സി എം.രാജഗോപാലൻ എം.എൽ.എ. ...ശനം ചെയ്യുന്നു

...നൂർ ▸ ഉദിനൂർ സ്കൂളിന്റെ ...ബോൾ നേട്ടങ്ങൾക്ക് പി...യുമായി സ്പോൺസർ ...ഴിഞ്ഞ രണ്ടു പതിറ്റാണ്ടു ...ത്ത ഫുട്ബോൾ മികവി...കാരവുമായി പാദരക്ഷ ...ക്കളായ ഒഡീസിയയാ...

...ല്ലാതല സുബ്രതോമുഖർജി ഫുട്ബോൾ മത്സരത്തിൽ പുത്തൻ ജേഴ്സിയുമണിഞ്ഞാണ് കുട്ടികൾ പങ്കെടുക്കുക. രണ്ടുവർഷമായി സ്കൂളിൽ പരിശീലനം നടത്തിവരുന്ന ജൂനിയർ വിഭാഗം പെൺകുട്ടികളും ഇത്തവണ...

...ണ്ടി കളിച്ച അർജുൻ മനോജ് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷൻ സംഘടിപ്പിക്കുന്ന ഐ ലീഗ് മത്സരത്തിലേക്ക് സ്കൂളിലെ ജൂനിയർ വിഭാഗത്തിൽനിന്ന് ഒൻപതുപേരെയും...

...ന്റെ ഫുട്ബോൾപെ... ലോകമറിഞ്ഞത്. തുടർ... ഴത്തെ കായികാധ്യാപ... അശോകന്റെ നേതൃ... നടക്കുന്ന പരിശീല... ളിൽ നടക്കുന്ന ഡേ...


നന്ദി